# <u>നോട്ടീസ്</u>

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം ഡിവിഷൻ്റെ അധീനതയിലുള്ള ബാലരാമപുരം ഭവന പദ്ധതിയിൽ ഒഴിഞ്ഞു കിടക്കുന്ന 82.89$m^2$ മുതൽ 135.83$m^2$ വരെ വിസ്തൃതി ഉള്ള ഫ്ലാറ്റുകൾ പൊതുലേലത്തിലൂടെ വിൽപ്പന നടത്തുന്നു.

കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി തിരുവനന്തപുരം ഡിവിഷൻ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. പൊതു ലേലം 16.01.2025-ന് ഭവന നിർമ്മാണ ബോർഡിന്റെ ശാന്തിനഗർ ബിൽഡിംഗിലെ അപ്പർസോൺ കെട്ടിടത്തിലെ കോൺഫറൻസ് ഹാളിൽ വെച്ച് നടത്തുന്നതാണ്.

ബന്ധപ്പെടേണ്ട നമ്പർ: 9446459796, 9495351301

Sd/-

എക്സിക്യൂട്ടീവ് എഞ്ചിനീയർ
കെ.എസ്.എച്ച്.ബി
തിരുവനന്തപുരം ഡിവിഷൻ

**കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്**

തിരുവനന്തപുരം ഡിവിഷൻ, ശാന്തിനഗർ, തിരുവനന്തപുരം

**ബാലരാമപുരം ഭവന പദ്ധതി**

ലേല വ്യവസ്ഥകൾ/നിബന്ധനകൾ

1) ലേലത്തിൽ പങ്കെടുക്കുന്നവർ 100/- രൂപ (+GST) ഫീസ് അടച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.
2) ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്നയാളിൽ നിന്നും ഫ്ലാറ്റ് വിലയാധാരം നൽകുന്നതുവരെ മറ്റാരുടേയെങ്കിലും പേർക്ക് കൈമാറ്റം ചെയ്യുവാൻ അനുവദിക്കുന്നതല്ല.
3) ഫ്ലാറ്റ് നിലവിലുള്ള അതേ അവസ്ഥയിലായിരിക്കും വിൽക്കുന്നത്. പിന്നീടുണ്ടാകുന്ന ഒരു പരാതിയ്ക്കും ബോർഡ് ഉത്തരവാദി ആയിരിക്കുന്നതല്ല.
4) ലേലത്തിന് പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) യുടെ ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്. ഡിമാന്റ ഡ്രാഫ്റ്റ് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, തിരുവനന്തപുരം എന്ന പേരിൽ തിരുവനന്തപുരത്ത് മാറത്തക്കതായിരിക്കണം.
5) ഫ്ലാറ്റിന്റെ ലേലം 16.01.2025 ന് രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് ശാന്തിനഗറിലുള്ള ഹൗസിംഗ് ബോർഡ് ബിൽഡിംഗിലെ കോൺഫറൻസ് ഹാളിൽ വച്ച് നടത്തുന്നതാണ്.
6) ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിനുമുമ്പായി 100/- രൂപ(+GST) രജിസ്ട്രേഷൻ ഫീസായി അടച്ച് പേര് രജിസ്റ്റർ ചെയ്യുകയും ലേല വ്യവസ്ഥകൾ ഒപ്പിട്ട് നൽകേണ്ടതും അതോടൊപ്പം 50,000/-(അമ്പതിനായിരം രൂപ മാത്രം) രൂപയുടെ നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റായോ പണമായോ സമർപ്പിക്കേണ്ടതുമാണ്.
7) സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്നവർക്കുവേണ്ടി അവർ രേഖാ മൂലം അധികാരപ്പെടുത്തിയ പ്രതിനിധികൾക്ക് ലേല വ്യവസ്ഥകളനുസരിച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.
8) ലേലത്തിൽ ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആളിന്റെ പേരിൽ ലേലം അപ്പോൾ തന്നെ ഭവന നിർമ്മാണ ബോർഡ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് സ്ഥിരപ്പെടുത്താനോ അസ്ഥിരപ്പെടുത്താനോ ഉള്ള അധികാരം തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമായിരിക്കും.
9) ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നയാൾ ലേല തുകയുടെ 25% ഒരാഴ്ചയ്ക്കകം അടയ്ക്കേണ്ടതും നിരതദ്രവ്യവും 25% ഉം കഴിച്ചുള്ള തുക സ്ഥിരപ്പെടുത്തിയ തീയതി മുതൽ ഒരുമാസത്തിനകം അടച്ച് വിലയാധാരം കൈപ്പറ്റേണ്ടതാണ്. രജിസ്ട്രേഷൻ ഫീസും മറ്റു പ്രമാണ ചെലവുകളും ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്നയാൾ വഹിക്കേണ്ടതാണ്.
10) ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നയാൾ ഏതെങ്കിലും കാരണവശാൽ മേൽ വ്യവസ്ഥ പ്രകാരം ലേല തുകയുടെ 25% ഒരാഴ്ചയ്ക്കകം അടയ്ക്കാത്ത പക്ഷം ടിയാന്റെ നിരതദ്രവ്യം കണ്ടുകെട്ടുന്ന താണ്. 25% തുക അടച്ചയാൾ ബാക്കി തുക ലേലം സ്ഥിരപ്പെടുത്തിയ തീയതി മുതൽ ഒരു മാസത്തിനകം അടച്ചില്ലെങ്കിൽ ടിയാന്റെ നിരതദ്രവ്യവും അടച്ച 25% തുകയും ബോർഡ് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതാണ്.
11) ലേലത്തിൽ ഏറ്റവും കൂടുതൽ തുക നൽകിയിട്ടുള്ള ഒന്നും രണ്ടും കക്ഷികളുടെ നിരതദ്രവ്യം ഒഴികെ മറ്റുള്ളവരുടെ നിരതദ്രവ്യം താമസംവിനാ മടക്കി നൽകുന്നതാണ്.
12) കാരണം കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം തിരുവനന്തപുരം ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്.

13) ലേലത്തിൽ ലഭിക്കുന്ന ഏറ്റവും കൂടിയ നിരക്ക് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും ലേലം ഉറപ്പിക്കുന്നത്.

14) ഏതെങ്കിലും കാരണവശാൽ ലേല ദിവസം പൊതു അവധിയോ/ ഹർത്താലോ/പൊതു പണിമുടക്കോ ആകുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസമോ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിക്കുന്ന തീയതിയിലോ, അതേ സമയം അതേ സ്ഥലത്തു വച്ച് ലേലം നടത്തുന്നതാണ്. ഭവന നിർമ്മാണ ബോർഡിന്റെ മറ്റെല്ലാ ലേല വ്യവസ്ഥകളും ഇതിനും ബാധകമാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ
തിരുവനന്തപുരം ഡിവിഷൻ

മേൽ നിബന്ധനകൾ ഞാൻ പൂർണ്ണമായും വായിച്ചു നോക്കി ബോധ്യപ്പെട്ടിരിക്കുന്നു.

ക്വട്ടേഷൻ സമർപ്പിക്കുന്നയാളുടെ ഒപ്പ്, പേര്, വിലാസം
ലേലത്തിൽ പങ്കെടുത്തയാളിന്റെ പേരും വിലാസവും

സ്ഥലം :
തീയതി :

**BALARAMAPURAM HOUSING ACCOMMODATION SCHEME**
**Vacant Flats to be allotted ( as on .7.01.2025)**

| Block No. | Type of Flat | No.of bed rooms | Floor No. | No of Flats in each block | Flat Numbers | | | | Plinth area including services (sqft) |
|---|---|---|---|---|---|---|---|---|---|
| Block - I | FF24 Mosaic | 3 | | | | | | | 1462 |
| | | | 3rd | 3 | **443** | **444** | **445** | | |
| Block -III | FF19(A) Mosaic | 2 | | | | | | | 1088 |
| | | | 3rd | 2 | **437** | **438** | | | |
| Block . IV | FF19(A) Mosaic | 2 | Ist | 3 | **235** | | | | 1088 |
| | | | 3rd | | **435** | **436** | | | |
| Block .V | FF19(A) Mosaic | 2 | 3rd | 1 | | **434** | | | 1088 |
| Block .VI | FF19(A) Mosaic | 2 | 3rd | 2 | **431** | **432** | | | 1088 |
| Block-VII | FF19(A) Mosaic | 2 | | | | | | | 1088 |
| | | | Ist | 3 | **229** | | | | |
| | | | | | | | | | |
| | | | 3rd | | **429** | **430** | | | |
| Block - VIII | FF24 Ceramic & Marble | 3 | Ground | 11 | **125** | | | | 1462 |
| | | | Ist | | | | **227** | **228** | |
| | | | 2nd | | **325** | **326** | **327** | **328** | |
| | | | 3rd | | **425** | **426** | **427** | **428** | |
| | | | | | | | | | |
| Block - X | EF19 Ceramic & Marble | 2 | Ground | | | | **119** | | 891 |
| | | | Ist | 5 | | | | **220** | |
| | | | | | | | | | |
| | | | 3rd | | **417** | | **419** | **420** | |
| Block - XI | FF24 Mosaic | 3 | Ground | 10 | **113** | | | | 1462 |
| | | | Ist | | **213** | **214** | | | |
| | | | 2nd | | | **314** | **315** | **316** | |
| | | | 3rd | | **413** | **414** | **415** | **416** | |
| Block - XII | FF24 Mosaic | 3 | | 6 | | | | | 1462 |
| | | | 2nd | | | **310** | **311** | | |
| | | | 3rd | | **409** | **410** | **411** | **412** | |
| | | | TOTAL- | 46 | | | | | |